"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് - എക്സൈസ്- ജീവനക്കാര്യം - " "Operation Cocktail"- കണ്ണൂർ ജില്ലയിലെ ഇരിട്ടി എക്സൈസ് റേഞ്ച് ഓഫീസിൽ വിജിലൻസ് നടത്തിയ മിന്നൽ പരിശോധന- കുറ്റാരോപിതരായ എക്സൈസ് ഉദ്യോഗസ്ഥർക്കെതിരെയുള്ള അച്ചടക്ക നടപടി -തീർപ്പാക്കി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

**നികുതി (എഫ്) വകുപ്പ്**

G.O.(Rt)No.966/2024/TAXES തീയതി,തിരുവനന്തപുരം, 30-10-2024

പരാമർശം:-

1. വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 30/12/2023-ലെ E17-(SC-77/2023/KNR)41392/2023/DVACB നമ്പർ കത്ത്.
2. വിജിലൻസ് വകുപ്പിന്റെ 11/02/2024-ലെ VIG-A2/19/2024/VIG നമ്പർ കത്ത്.
3. 12/03/2024- ലെ നികുതി-എഫ്2/26/2024/നി.വ നമ്പർ കുറ്റാരോപണ മെമ്മോ
4. കുറ്റാരോപണ മെമ്മോയ്ക്ക് സിവിൽ എക്സൈസ് ഓഫീസർമാരായ സ /ശ്രീ ആദർശ് പി, റീനീഷ് ഓർക്കാട്ടേരി എന്നിവർ യഥാക്രമം 19/04/2024,17/04/2024 എന്നീ തീയതികളിൽ സമർപ്പിച്ച എതിർവാദ പത്രിക
5. എക്സൈസ് കമ്മീഷണറുടെ 06/07/2024 -ലെ EXC/1581/2024-XE4 നമ്പർ കത്ത്

**ഉത്തരവ്**

സംസ്ഥാനത്തെ എക്സൈസ് വകുപ്പിന്റെ കീഴിലെ റേഞ്ച് ഓഫീസുകളിലും സർക്കിൾ ഓഫീസുകളിലും ഡിവിഷണൽ ഓഫീസുകളിലും വ്യാപകമായ ക്രമക്കേടുകൾ നടക്കുന്നുവെന്ന ആരോപണത്തിന്മേൽ സംസ്ഥാന വ്യാപകമായി "Operation Cocktail" എന്ന പേരിൽ നടത്തിയ മിന്നൽ പരിശോധനയുടെ ഭാഗമായി 23/08/2023-ൽ കണ്ണൂർ ജില്ലയിലെ ഇരിട്ടി എക്സൈസ് റേഞ്ച് ഓഫീസിൽ വിജിലൻസ് നടത്തിയ മിന്നൽ പരിശോധനയിൽ ചുവടെ പറയുന്ന ക്രമക്കേടുകൾ കണ്ടെത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ വിജിലൻസ് വകുപ്പിന് ലഭ്യമാക്കിയിരുന്നു.

i.എക്സൈസ് ഇരിട്ടി റേഞ്ച് ഓഫീസിലെ സിവിൽ എക്സൈസ് ഓഫീസറായ ആദർശ് പി.

എന്നിവരുടെ ചുകപ്പ് ബാഗിൽ അനധികൃതമായി സൂക്ഷിക്കപ്പെട്ട നിലയിൽ 500 ML ന്റെ Malabar House Brandy എന്ന ബ്രാന്റിലുള്ള മദ്യമടങ്ങിയ 4 മദ്യ കുപ്പികൾ കാണപ്പെടുകയുണ്ടായി.

ii.എക്സൈസ് ഇരിട്ടി റേഞ്ച് ഓഫീസിലെ സിവിൽ എക്സൈസ് ഓഫീസറായ റിനീഷ് ഓർക്കാട്ടേരി എന്നവരുടെ നീല ബാഗിൽ അനധികൃതമായി സൂക്ഷിക്കപ്പെട്ട നിലയിൽ ഇന്ത്യൻ നിർമ്മിത വിദേശ മദ്യമായ No.1 Mc Dowells Brandy എന്ന ബ്രാന്റിലുള്ള 500 ML ന്റെ മദ്യമടങ്ങിയ 6 മദ്യകുപ്പികൾ കാണപ്പെടുകയുണ്ടായി.

3. മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾ/അപാകതകളിൻമേൽ വിജിലൻസ് വകുപ്പിന്റെ പരാമർശം (2) പ്രകാരമുള്ള ശുപാർശയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ക്രമക്കേടുകൾക്ക് ഉത്തരവാദികളായ ഇരിട്ടി റേഞ്ച് ഓഫീസിലെ സിവിൽ എക്സൈസ് ഓഫീസർമാരായ ആദർശ് പി, റീനീഷ് ഓർക്കാട്ടേരി എന്നിവർക്കെതിരെ 1960-ലെ കേരള സിവിൽ സർവ്വീസസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 11, 16 പ്രകാരം അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി ടിയാൻമാർക്ക് പരാമർശം (3) പ്രകാരം കുറ്റാരോപണമെമ്മോ നൽകിയിരുന്നു.

4. ടി കുറ്റാരോപണമെമ്മോയ്ക്ക് ടിയാൻമാർ പരാമർശം (4) പ്രകാരം സമർപ്പിച്ച എതിർവാദപത്രികയിൻമേൽ എക്സൈസ് കമ്മീഷണർ പരാമർശം (5) പ്രകാരംസമർപ്പിച്ച റിപ്പോർട്ടിൽ ചുവടെ ചേർക്കും പ്രകാരം അറിയിച്ചിരുന്നു.

"കണ്ണൂർ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണെന്നും, ടി അന്വേഷണ റിപ്പോർട്ടിൽ സിവിൽ എക്സൈസ് ഓഫീസറായ ശ്രീ.റിനീഷ് ഓർക്കാട്ടേരി ടിയാന്റെ ഭാര്യയുടെ അച്ചന് കൊടുക്കാൻ വേണ്ടിയാണ് ഉളിക്കൽ ബിവറേജസ് കോർപ്പറേഷന്റെ ഷോപ്പിൽ നിന്നും 3 ലിറ്റർ മദ്യം വാങ്ങി ടിയാന്റെ ബാഗിൽ സൂക്ഷിച്ചതെന്ന് മൊഴി നൽകിയതായും, സിവിൽ എക്സൈസ് ഓഫീസറായ ശ്രീ.ആദർശ്.പി ടിയാന്റെ 65 വയസായ അച്ചന് ഓണത്തിന് കൊടുക്കാൻ വേണ്ടിയാണ് ഉളിക്കൽ ബിവറേജസ് കോർപ്പറേഷന്റെ ഷോപ്പിൽ നിന്നും 2 ലിറ്റർ മദ്യം വാങ്ങി ടിയാന്റെ ബാഗിൽ സൂക്ഷിച്ചതെന്ന് മൊഴി നൽകിയതായും, പ്രതിപാദിക്കുന്നുണ്ടെന്നും, കൂടാതെ ശ്രീ.റിനീഷ് ഓർക്കാട്ടേരിക്ക് 4 വർഷം സർവീസ് മാത്രമേ ഉള്ളൂവെന്നും ശ്രീ.ആദർശ്. പി ക്ക് 3 വർഷം സർവീസ് മാത്രമേ ഉള്ളൂവെന്നും, ടിയാൻമാർ മദ്യപിക്കുന്ന ആളുകളല്ല എന്നും, ടിയാൻമാരുടെ പേരിൽ പരാതികളോ, വകുപ്പ്തല നടപടികളോ ഇല്ലാത്തതാണെന്നും, സർവീസിൽ താരതമ്യേന പുതുമുഖങ്ങളായ ഈ രണ്ട് ഉദ്യോഗസ്ഥരും മേലുദ്യോഗസ്ഥരുടെ നിർദ്ദേശങ്ങൾ കൃത്യമായി പാലിച്ച് വീഴ്ച കൂടാതെ ജോലികൾ നിർവഹിച്ചുവരുന്ന ഉദ്യോഗസ്ഥരാണെന്ന് കാണുന്നതായും കണ്ണൂർ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ റിപ്പോർട്ട് സമർപ്പിച്ചതായും, ടി ഉദ്യോഗസ്ഥരുടെ ഭാഗത്ത് ജാഗ്രതക്കുറവ് സംഭവിച്ചതായുള്ള അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി രണ്ട് ഉദ്യോഗസ്ഥരെയും ഇരിട്ടി എക്സൈസ് റെയിഞ്ച് ഓഫീസിൽ നിന്നും സ്ഥലം മാറ്റിയിട്ടുള്ളതാണെന്നും, കണ്ണൂർ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണറുടെ അന്വേഷണ റിപ്പോർട്ടിന്റെയും, സിവിൽ എക്സൈസ് ഓഫീസർ ശ്രീ.റിനീഷ് ഓർക്കാട്ടേരി ശ്രീ.ആദർശ്.പി

എന്നിവർ സമർപ്പിച്ച പ്രതിവാദ പത്രിക പരിശോധിച്ചതിലും ടി ഉദ്യോഗസ്ഥരുടെ പ്രതിവാദ പത്രിക അംഗീകരിക്കാവുന്നതാണെന്നും കണ്ണൂർ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ റിപ്പോർട്ട് ചെയ്തിരിക്കുന്നു."

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഈ വിഷയത്തിൽ ടിയാൻമാരുടെ ഭാഗത്ത് നിന്നും വീഴ്ച ഉണ്ടായിട്ടുണ്ടെങ്കിലും എക്സൈസ് കമ്മീഷണർ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സിവിൽ എക്സൈസ് ഓഫീസർമാരായ ആദർശ് പി, റീനീഷ് ഓർക്കാട്ടേരി എന്നിവർക്കെതിരെ 1960-ലെ കേരള സിവിൽ സർവ്വീസസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 11, 16 പ്രകാരം സ്വീകരിച്ച് വരുന്ന അച്ചടക്ക നടപടി 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങൾക്ക് കീഴിലെ ചട്ടം11(1) (i) പ്രകാരം ടിയാൻമാർക്ക് **'സെൻഷർ'** നൽകി തീർപ്പാക്കി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PRAMOD M V
JOINT SECRETARY

1) എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം.
2) ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (എക്സൈസ് കമ്മീഷണർ മുഖേന)
3) ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
4) വിജിലൻസ് (എ) വകുപ്പ്
5) അക്കൗണ്ടന്റ് ജനറൽ, (എ&ഇ/ആഡിറ്റ്/ഇ.ആർ.എസ്.എ) കേരളം, തിരുവനന്തപുരം
6) വെബ് & ന്യൂ മീഡിയ (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
7) കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Reese. V. A
Date: 30-10-2024 16:59:59
സെക്ഷൻ ഓഫീസർ